# കോൺഗ്രസും ബി ജെ പിയും പ്രതിസന്ധിയുടെയും തകർച്ചയുടെയും പ്രതിരൂപങ്ങൾ

**2011.03.14**

അസഹനീയമായ വേനൽ ചൂടിന്റെ കാഠിന്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ് ഡൽഹിയിൽ. ഇനി സുഖകര മായ കാലാവസ്ഥയുടെ ദിവസങ്ങളാണ്. നവംബർ പകുതിയോടെ ദീപാവലി കഴിയുമ്പോൾ മഞ്ഞുകാലം ആരംഭിക്കും. പിന്നീട് തണുപ്പിന്റെ ദിവസങ്ങൾ, മാസങ്ങൾ.

എന്നാൽ ഡൽഹിയിലെ രാഷ്ട്രീയാന്തരീക്ഷം അപ്രതീക്ഷിതമായി അതിവേഗത്തിൽ ചൂടായിക്കൊണ്ടിരി ക്കുന്നു. ഏതാണ്ട് രണ്ടരവർഷം കൂടിയുണ്ട് യു പി എ സർക്കാരിൻ അതിന്റെ കാലാവധി തീർക്കുവാൻ. സാധാരണഗതിയിൽ ഈ അവസരത്തിൽ ആ സർക്കാർ ജ്വലിച്ചു നിൽക്കേണ്ട സന്ദർഭമാണ്. പക്ഷെ മറിച്ചാണിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഡൽഹിയിലെ രാഷ്ട്രീയ കേന്ദ്രങ്ങളിൽ സജീവമായി ഇന്നു ചർച്ച ചെയ്യപ്പെടുന്ന വിഷയം, വരാനിരിക്കുന്നു എന്നവർ കരുതുന്ന ഇടക്കാല പൊതുതിരഞ്ഞെടുപ്പിനെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചുമാണ്. രാഷ്ട്രീയ അനിശ്ചിതത്വത്തിന്റെ ഈ അന്തരീക്ഷം ബി ജെ പിക്ക് ഉത്സാഹം പകർന്നു. കഴിഞ്ഞ ദിവസം ഡൽഹിയിൽ സമാപിച്ച ബി ജെ പിയുടെ ദേശീയ എക്സിക്യൂട്ടീവ് യോഗത്തെ അഭിസംബോധന ചെയ്ത പ്രതിപക്ഷ നേതാവ് സുഷമാ സ്വരാജ് അണികളോടാഹ്വാനം ചെയ്തത്, ''തയ്യാറായിരിക്കൂ, അടുത്തുവരാ നിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പു പോരാട്ടത്തിൽ പങ്കെടുക്കുവാൻ'' എന്നായിരുന്നു. ''ഈ പോരാട്ട ത്തിൽ, അധികാരത്തിലിരിക്കുന്ന കോൺഗസ് പോലല്ല നമ്മൾ എന്നു തെളിയിക്കണം. കോൺഗ്രസ് അതിന്റെ ആഭ്യന്തര വൈരുധ്യങ്ങളിൽ തട്ടിതകരുകയാണ്. അഴിമതി ആരോപണങ്ങളിൽ നിന്ന് രക്ഷപ്പെടാ നാകാതെ, അതിന്റെ നേതാക്കൾ പരസ്പരം പോരടിക്കുകയാണ്''. അദ്വാനി അൽപംകൂടി കടത്തിവെട്ടി. യുപിഎ സർക്കാർ പ്രവത്തനശേഷിയില്ലാത്തതും ആത്മഹത്യാ പ്രവണതയുള്ളതുമാണ്. എണ്ണമില്ലാത്ത അഴിമതി ആരോപണങ്ങളിൽപ്പെട്ട് വിശ്വാസ്യത നഷ്ടപ്പെട്ട ആ സർക്കാരിൻ അധികാരത്തിൽ അധികനാൾ കടിച്ചുതൂങ്ങാനാവില്ല.

ദേശീയ എക്സിക്യൂട്ടീവിന്റെ തീരുമാനം വിശദീകരിച്ചുകൊണ്ടുള്ള പത്രസമ്മേളനത്തിൽ ബി ജെ പിയുടെ രാജ്യസഭാ നേതാവ് അരുൺ ജെയ്റ്റിലി പറഞ്ഞു ''ഇടക്കാല തിരഞ്ഞെടുപ്പ് എപ്പോൾ നടക്കുമെന്നു പറയാനാവില്ല. പക്ഷെ ഉറപ്പായി പറയാവുന്ന കാര്യം കേന്ദ്രത്തിൽ യു പി എ സർക്കാർ എന്തായാലും കാലാവധി പൂർത്തിയാക്കാൻ പോകുന്നില്ല'' എന്നുള്ളതാണ്. സംസ്ഥാനങ്ങളിൽ ബി ജെ പി ഒരു തിരഞ്ഞെടുപ്പിനെ നേരിടുവാനുള്ള സംവിധാനങ്ങളും കൂട്ടുകെട്ടുകളും ഒരുക്കിക്കൊണ്ടിരിക്കുകയാണ് ആത്മവിശ്വാസത്തോടെയും പ്രതീക്ഷയോടെയും.

ഈ പ്രസ്താവനകളെല്ലാം വിരൽചൂണ്ടുന്നത് വരാനിരിക്കുന്ന രാഷ്ട്രീയാനിശ്ചിതത്വം പ്രദാനംചെയ്യുന്ന അവസരം പൂർണമായി അനുകൂലമാക്കുവാനുള്ള ബി ജെ പിയുടെ മോഹത്തിലേക്കാണ്.

മറുഭാഗത്ത്, കോൺഗസ് നേതൃത്വം നൽകുന്ന യു പി എ സർക്കാർ അവതരിപ്പിക്കുന്ന ചിത്രം എങ്ങനെ എന്നു നോക്കുന്നത് നല്ലതാണ്. ഇടതുപക്ഷത്തിന്റെ പിന്തുണ കൂടാതെ അധികാരത്തിലെത്തിയ യു പി എ അന്ന് സന്തോഷത്തിലായിരുന്നു; ഒപ്പം കുത്തക മുതലാളിമാരും. അവരുടെ സംഘടനകളുടെ പ്രത്യേക സമ്മേളനങ്ങളിൽ പ്രസംഗിക്കുന്നതിനെത്തിയ പ്രധാനമന്ത്രിയുൾപ്പെടെയുള്ളവരെ അവരഭിനന്ദിച്ചു, ഇടതു പക്ഷമെന്ന കനത്തഭാരം ചുമലിൽ നിന്നിറക്കി അധികാരത്തിൽ വന്നതിൻ. ഇടതുപക്ഷത്തിന്റെ തടസം ഇനി ഇല്ലാത്തതുകൊണ്ട് നവലിബറൽ സാമ്പത്തികനയങ്ങൾ ഭയലേശമന്യേ, അതിവേഗത്തിൽ നടപ്പിലാക്കുവാൻ അവരഭ്യർത്ഥിച്ചു.

മന്മോഹൻസിംഗ് നയിക്കുന്ന രണ്ടാം യു പി എ സർക്കാർ, അനുസരണയോടെ തലകുലുക്കി സമ്മതിച്ചു. പൊതുവിതരണ സമ്പ്രദായത്തെ തച്ചുടച്ച്, ജനജീവിതത്തെ പ്രതികൂലമായി ബാധിക്കും വിധം ഭക്ഷ്യ സബ്സിഡി, രാസവള സബ്സിഡി തുടങ്ങിയവയൊക്കെ വെട്ടിച്ചുരുക്കി, പെട്രോളിയം ഉൽപന്നങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം എണ്ണക്കമ്പനികളെ ഏൽപിച്ചുകൊണ്ട് വിലക്കയറ്റത്തിനും നാണയ പ്പെരുപ്പത്തിനും വഴിവയ്ക്കുന്ന നയങ്ങൾ നടപ്പിലാക്കി. നവരത്ന കമ്പനികളുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽകരണത്തിന് വിധേയമായി. ബാങ്കിംഗ്, ഇൻഷ്വറൻസ് മേഖലകളിൽ ദേശസാൽകരണത്തിന്റെ ഗുണഫലങ്ങൾ ഇല്ലാതാക്കുന്ന നയങ്ങൾ നടപ്പിലാക്കി. വമ്പിച്ച നികുതി ഇളവിലൂടെ അവിശ്വസനീയമായ ആനുകൂല്യങ്ങൾ കുത്തക മുതലാളിമാർക്കു നൽകി. ഇതിന്റെയൊക്കെ ഫലമായി കയ്യടി ലഭിച്ചു, കുത്തക മുതലാളിമാരുടെ. വിദേശ മൂലധന നിക്ഷേപത്തിനുള്ള നിയന്ത്രണങ്ങൾ എടുത്തുനീക്കി. ബഹുരാഷ്ട്ര കുത്തകകൾ ഇന്ത്യയെ പുകഴ്ത്തി.

എന്നാൽ ജനങ്ങളിൽ ഏറ്റവും പ്രതീക്ഷയുണർത്തിയ ഭക്ഷ്യസുരക്ഷ ഇന്നും ആകാശ കുസുമം പോലെ അപ്രാപ്യമായി നിൽക്കുന്നു. വിലക്കയറ്റം, നാണയപ്പെരുപ്പം എന്നിവ ജനജീവിതം കൂടുതൽ പ്രയാസ കരമായി മാറ്റി. അടിക്കടി പ്രഖ്യാപിക്കപ്പെടുന്ന പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർധനവ് അസഹനീയ മായിത്തീരുന്നു. കോടിക്കണക്കിൻ ടണ് ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ കിടന്നു നശിക്കുമ്പോഴും പട്ടിണിക്കാർക്ക് അവ വിതരണം ചെയ്യുന്നതിൽ സർക്കാർ വിമുഖതകാട്ടുന്നു.

ഇതോടൊപ്പം അഴിമതി, കള്ളപ്പണം എന്നീ പ്രശ്നങ്ങൾ ശക്തിയായുന്നയിക്കപ്പെട്ടു. അഴിമതിയുടെ സര്വകാല റെക്കാർഡുകൾ ഭേദിക്കുന്ന സംഭവങ്ങൾ ഈ സർക്കാരിന്റെ കാലത്താണ് നടന്നത്. അതുപോലെ തന്നെ വിദേശ ബാങ്കുകളിൽ നിക്ഷേപിക്കപ്പെട്ട വമ്പിച്ച കള്ളപ്പണശേഖരവും കണ്ടുപിടിക്കപ്പെട്ടത് ഈ കാലഘട്ടത്തിൽ തന്നെ. സർക്കാർ പിന്തുടർന്ന നവലിബറൽ നയങ്ങൾ ആണ് ഇവയ്ക്കൊക്കെ വഴിവച്ചത് എന്ന പരമാർഥം വിസ്മരിച്ചുകൂടാ.

ഈ നയങ്ങൾ സർക്കാരിനെ ജനങ്ങളിൽ നിന്നൊറ്റപ്പെടുത്തി. അസാധാരണമായ അസ്വസ്ഥതകൾക്കും പ്രക്ഷോഭണങ്ങൾക്കും അതു വഴിവച്ചു. ഇവയെ നേരിടുന്ന കാര്യത്തിൽ സർക്കാർ പ്രകടിപ്പിച്ച പിടിപ്പുകേട് ഏറ്റവും കൂടുതൽ പ്രകടിപ്പിക്കപ്പെട്ടതും അതുവഴി ജനങ്ങളിൽ നിന്നൊറ്റപ്പെട്ടതും അന്നാ ഹസാരെയുടെ പ്രക്ഷോഭത്തെ നേരിട്ടപ്പോഴാണ്. ഫലം എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും ഒറ്റപ്പെടുക എന്നതായിരുന്നു.

കൂട്ട ആത്മഹത്യ ചെയ്യുന്ന കൃഷിക്കാർ, വിലക്കയറ്റം കൊണ്ടുഴലുന്ന സാധാരണക്കാർ, ഈ സർക്കാരിനെ ക്കുറിച്ച് പ്രതീക്ഷയറ്റ ബുദ്ധിജീവികൾ, മിഡിൽ ക്ലാസ് തുടങ്ങിയ ജനവിഭാഗങ്ങൾ യു പി എ സർക്കാരിന്റെ പ്രകടനത്തിൽ നിരാശരാണ്. ആ അളവിൽ യു പി എയുടെ ജനപിന്തുണ അവർക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

ഇതിനു പുറമെ യു പി എ കൂട്ടുകെട്ടിൽ വളർന്നുകൊണ്ടിരിക്കുന്ന പടലപ്പിണക്കങ്ങൾ. ഡി എം കെ വലിയ പ്രതിഷേധത്തിലാണ്. പിന്തുണ പിൻവലിച്ചിട്ടില്ല എന്നേയുള്ളൂ. തമിഴ്നാട്ടിൽ നടക്കാൻ പോകുന്ന പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ കോൺഗസ്സുമായി ബന്ധമില്ല എന്നു തീരുമാനിച്ചു. എ രാജ, കനിമൊഴി എന്നിവർക്ക് പുറമെ ദയാനിധി മാരനും ജയിലിലാകാൻ സാധ്യതയുണ്ട്, 2–ജി സ്പെക്ട്രം കേസിൽ. ഈ കേസിൽ ചിദംബരത്തെ കുടുക്കണം എന്ന് ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് ഡി എം കെ തന്നെ.

എപ്പോൾ, ഏതു വിഷയത്തിൽ പൊട്ടിത്തറിക്കും എന്നു പറയാൻ കഴിയാത്ത മമതാ ബാനർജിയുടെ തൃണമൂൽ കോൺഗസ് യു പി എക്കകത്ത് ഒരു പ്രതിപക്ഷം പോലെ പ്രവർത്തിക്കുന്നു. ബംഗ്ലാദേശിലേക്ക് പോകുന്ന പ്രധാനമന്ത്രിയുടെ ഡെലിഗേഷനിൽ മമതാ ബാനർജി അംഗമായിരുന്നു. എന്നാൽ അവസാന നിമിഷം, ടീസ്റ്റാ വെള്ളം പങ്കുവയ്ക്കുന്ന പ്രശ്നത്തിലുള്ള വിയോജിപ്പ് പരസ്യമായി പ്രകടിപ്പിച്ചു കൊണ്ടവർ പ്രതിനിധി സംഘത്തിൽ ചേരാതെ പുറത്തു നിന്നു.

കോൺഗ്രസിന്റെ ആഭ്യന്തര വൈരുധ്യം എടുത്തുകാണിച്ച സംഭവപരമ്പരയാണ് മന്ത്രി പ്രണബ് മുഖർജിയും ചിദംബരവുമായുള്ള പരസ്യമായ അഭിപ്രായവ്യത്യാസങ്ങളിൽ നാം ദർശിച്ചത്. ആ പ്രശ്നം സോണിയ ഗാന്ധിയുടെ ഇടപെടലിലൂടെ പറഞ്ഞുതീർത്തു. പ്രശ്നമൊന്നുമില്ലെന്ന് പ്രണബ് മുഖർജി പ്രസ്താവനയും ചെയ്തു. എന്നാൽ ആർക്കാണറിയാത്തത്, ആ പ്രശ്നം കൂടുതൽ സങ്കീർണമായേ പറ്റൂ. ഈ തർക്കത്തി നാധാരമായ രേഖകൾ, സുപ്രിംകോടതി, ജോയിന്റ് പാർലമെന്ററി കമ്മിറ്റി, പാർലമെന്റിന്റെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയുടെ മുന്നിലുണ്ട്. ആ സംവിധാനങ്ങളിൽ ആ രേഖകൾ പരിശോധിക്ക പ്പെടുമ്പോൾ പ്രശ്നം വീണ്ടും ഫണമുയർത്തും.

ഇവയൊക്കെ ബി ജെ പിയെ സന്തോഷിപ്പിക്കുന്നു എന്നതു സ്വാഭാവികമാണ്. പക്ഷെ അവിടെ എല്ലാം ഭദ്രമാണോ. അഴിമതിയിൽ മുങ്ങി നിൽക്കുന്ന ബി ജെ പി, കോൺഗസുമായി ഇക്കാര്യത്തിൽ മത്സരത്തിലാണ്. യെദ്യൂരപ്പ, റെഡ്ഢി സഹോദരന്മാർ തുടങ്ങിയവരുടെ കേസുകൾ കുപ്രസിദ്ധമാണ്. കിടമത്സരങ്ങളും ആരോപണങ്ങളും ബി ജെ പിയുടെ മുഖ്യമന്ത്രിയെ ഉത്തരാഖണ്ഡിൽ നിന്നും സ്ഥാനഭ്രഷ്ടനാക്കിയത് കഴിഞ്ഞ ദിവസമാണ്. എന്തിന് ബി ജെ പിയുടെ ദേശീയ എക്സിക്യൂട്ടീവ് ഫലത്തിൽ ബഹിഷ്കരിച്ചു ഗുജറാത്ത് മുഖ്യമന്ത്രി മോഡിയും കർണാടക മുന്മുഖ്യമന്ത്രി യെദ്യൂരപ്പയും. അദ്വാനി പ്രധാനമന്ത്രിസ്ഥാനത്തേക്ക് കണ്ണും നട്ട് ജാഥ നടത്തും എന്ന് പ്രഖ്യാപിച്ചപ്പോൾ മോഡി ഗുജറാത്തിൽ ഉപവാസമനുഷ്ഠിച്ചു. നിതീഷ്കുമാറും മോഡിയും ബി ജെ പിയുമായുള്ള അഭിപ്രായ വ്യത്യാസങ്ങൾ എൻ ഡി എയുടെ എപ്പോഴത്തെയും തലവേദനയാണ്.

നവലിബറൽ സാമ്പത്തികനയം ബി ജെ പി ഭംഗിയായി നടപ്പിലാക്കിയിരുന്നുവല്ലോ, അവർ അധികാര ത്തിലിരുന്ന കാലത്ത്. അതുകൊണ്ട് യു പി എയെ അധികാരത്തിൽ നിന്നു മാറ്റി എൻ ഡി എ അധികാരത്തിൽ വരുമെന്ന് പറയുമ്പോൾ, അത് ഇന്ത്യയിലെ സാധാരണജനങ്ങളിൽ പ്രതീക്ഷ ജനിപ്പിക്കുന്ന ഒരു മാറ്റമായിരിക്കുകയില്ല.

ഇന്ത്യയിലെ ബൂർഷ്വാരാഷ്ട്രീയം എത്തി നിൽക്കുന്ന പ്രതിസന്ധിയുടെയും തകർച്ചയുടെയും രണ്ടു പ്രതിരൂപങ്ങളായി മാത്രമേ ഈ രണ്ടു കൂട്ടുകെട്ടുകളെയും നമുക്ക് കാണാൻ കഴിയൂ. ഇവ രണ്ടും സാധാരണ ജനങ്ങൾക്കെതിരാണ്. ഇവ രണ്ടും നവലിബറൽ സാമ്പത്തികനയങ്ങളുടെ പ്രയോക്താക്കളാണ്. ഇന്ത്യയിലെ സാധാരണക്കാരുടെ താൽപര്യം ഉയർത്തിപ്പിടിക്കുന്നതിൽ ഒരു താൽപര്യവുമില്ലാത്തവരാണ് ഈ രണ്ടു രാഷ്ട്രീയകൂട്ടുകെട്ടുകളിലും ഉള്ളവർ.

ഈ പശ്ചാത്തലത്തിലാണ് ഒരു പുതിയ മാർഗം അന്വേഷിക്കുന്നത്. അത് പ്രദാനം ചെയ്യാൻ കഴിയണ മെങ്കിൽ സുശക്തമായ ഇടതുപക്ഷ ജനാധിപത്യശക്തികളുടെ കൂട്ടുകെട്ട് ഒരു ബദല്രാഷ്ട്രീയ ശക്തിയായി വളരണം